നമ്പർ : സി.ജി. (1) 27375/08

സഹകരണസംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം. തീയതി: 08-08-2008

## <u>സർക്കുലർ നമ്പർ: 57/08</u>

വിഷയം : സഹകരണവകുപ്പ് – നെൽ കൃഷി കർഷകർക്ക് പലിശ രഹിത നെൽകൃഷി വായ്പ നൽകുന്നതിനുള്ള പദ്ധതി – സംസ്ഥാനത്താകെ നടപ്പിലാക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :
1) ഈ കാര്യലയത്തിലെ 31-07-2007 ലെ സി.ബി. (4) 26660/07 ലെ 47/07 – ാം നമ്പർ സർക്കുലർ.
2) ഈ കാര്യാലയത്തിലെ 17-06-08 ലെ സി.ജി. (1) 27375/08 ലെ 43/08 നമ്പർ സർക്കുലർ.
3) കൃഷി (കൃഷി) വകുപ്പിന്റെ 06-08-2008 ലെ സ.ഉ. (സാധാ) നമ്പർ 1535/2008/കൃഷി നമ്പർ ഉത്തരവ്.

പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖാന്തിരം നെൽകൃഷിക്ക് ഓരോ വിളയ്ക്കും 25,000/- രൂപ വരെ 6 മാസത്തെ കാലാവധിയ്ക്ക് പലിശരഹിതമായി വായ്പ നൽകുന്നതിന് അനുവാദം നൽകി സൂചന (1) പ്രകാരം സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

സൂചന (2) പ്രകാരം പാലക്കാട്, തൃശൂർ, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിൽ കൂടി പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖാന്തിരം ഓരോ വിളയ്ക്കും 25,000/- രൂപ വരെ 6 മാസ കാലാവധിക്ക് നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകുന്നതിന് പ്രസ്തുത ജില്ലകളിലെ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും അനുവാദം നൽകി സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

സൂചന (3) പ്രകാരം സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കാനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ നെൽ കർഷകർക്കും പലിശ രഹിത വായ്പ അനുവദിക്കാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖാന്തിരം ഓരോ വിളയ്ക്കും 25,000/- രൂപ വരെ 6 മാസക്കാലാവധിക്ക് നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്നതിന് കേരളത്തിലെ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും അനുവാദം നൽകുന്നു.

### <u>നിബന്ധനകൾ</u>

1. ഒരു പ്രത്യേക പാക്കേജ് എന്ന നിലയിൽ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് നെൽകൃഷിക്കാർക്കുള്ള പലിശ രഹിത വായ്പാ പദ്ധതി. ഈ പദ്ധതി പ്രകാരം പരമാവധി വായ്പ തുക 25,000/- രൂപ ആയിരിക്കും.
2. വായ്പാ സംഖ്യ നെൽകൃഷിക്ക് മാത്രമേ വിനിയോഗിക്കുകയുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. നെൽകൃഷിയുടെ കാലയളവ് വരേയ്ക്ക് ഓരോ വിളയ്ക്കും പരമാവധി 6 മാസത്തേയ്ക്ക് ആയിരിക്കും വായ്പ അനുവദിക്കുന്നത്. കാലാവധിയ്ക്കുശേഷം വായ്പ തിരിച്ചടച്ചില്ലായെങ്കിൽ പ്രാഥമിക സംഘങ്ങൾ വായ്പക്കാരിൽ നിന്നും ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കൃഷിവായ്പയ്ക്ക് ഈടാക്കുന്ന നിരക്കിൽ പലിശ ഈടാക്കുന്നതാണ്.

4. വായ്പാ സംഖ്യ നെൽകൃഷിയ്ക്ക് ഉപയോഗിക്കാതെ വകമാറ്റി ഉപയോഗിക്കുകയോ, മറ്റു വിളകൾ കാണിച്ച് ടി വായ്പ എടുക്കുകയോ ചെയ്തതായി ജില്ലാ ബാങ്കിന്/ പ്രാഥമിക വായ്പ സഹകരണ സംഘത്തിന് ബോദ്ധ്യമായാൽ വായ്പക്കാരനിൽ നിന്ന് കാലാവധി കണക്കാക്കാതെ വായ്പ തിരിച്ച് പിടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ സഹകരണ ബാങ്ക്/പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾക്ക് അധികാരമുണ്ടായിരിക്കുന്നതും കാർഷികേതര ആവശ്യങ്ങൾക്ക് നൽകുന്ന നിരക്കിൽ വായ്പക്കാരനിൽ നിന്ന് പലിശ ഈടാക്കേണ്ടതുമാണ്.

5. ഈ പദ്ധതി പ്രകാരം വായ്പ ലഭിക്കുന്ന കർഷകർ ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് സംഘത്തിന് കർഷകർ നൽകേണ്ടതും കർഷകരുടെ ഈ പദ്ധതി പ്രകാരമുള്ള വായ്പ ബാക്കി നില്പുള്ള തുക, നെല്ലിന്റെ വിലയിൽ നിന്ന് ഈടാക്കാവുന്നതാണെന്നും പരസ്പര ധാരണാപത്രം (കർഷകരും സംഘവും തമ്മിലും സംഘങ്ങളും ജില്ലാ ബാങ്കുകളും തമ്മിലും) ഒപ്പുവയ്ക്കേണ്ടതാണ്. ഇപ്രകാരം സംഭരണ സൗകര്യമില്ലാത്ത സംഘങ്ങൾ/ബാങ്കുകൾ എന്നിവയിലെ കർഷകർക്ക് മാത്രമേ നേരിട്ട് വില്പന നടത്താൻ പാടുള്ളൂ. എന്നാൽ ഇപ്രകാരം സംഭരണശേഷി സംഘത്തിന്/ബാങ്കിന് ഇല്ലായെന്ന് സംഘം/ബാങ്ക് സാക്ഷ്യപ്പെടുത്തി കർഷകന് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

6. ഈ പദ്ധതി പ്രകാരം നൽകുന്ന വായ്പ പരിധി അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്യേണ്ടതാണ്.

7. സംഘം/ബാങ്കുകളിൽ നിന്നും മറ്റു വായ്പകൾ വാങ്ങിയവർക്കും IMBP പ്രകാരം പലിശ രഹിത നെൽകൃഷി വായ്പ അനുവദിക്കാവുന്നതാണ്.

8. സംഘങ്ങൾ/ബാങ്കുകൾ കെ.സി.സി. പരിധിയിൽ തുക പിൻവലിക്കപ്പെടുമ്പോൾ നെൽകൃഷിക്കുള്ള പരിധിയും വേറെ വിളകൾക്കുള്ള പരിധിയും പ്രത്യേകമായി പിൻവലിക്കപ്പെടേണ്ടതും അപ്രകാരം കവറേജ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതും തുക തിരിച്ചടക്കുമ്പോഴും പ്രത്യേകമായി തിരിച്ചടക്കേണ്ടതാണ്.

9 നെൽകൃഷിക്കാണ് വായ്പ ഉപയോഗിച്ചതെന്ന കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് വായ്പ തിരിച്ചടയ്ക്കുന്നതിന് മുൻപ് പ്രാഥമിക വായ്പാ സഹകരണ സംഘത്തിൽ ഹാജരാക്കേണ്ടതാണ്.

10 നെൽകൃഷിക്ക് പരമാവധി വായ്പ, സഹകരണ സംഘങ്ങൾ/ബാങ്കുകൾ 0% പലിശ നിരക്കിൽ കർഷകർക്ക് നൽകേണ്ടതും ആയതിനുള്ള തുക ജില്ലാ സഹകരണ ബാങ്കുകൾ 4% പലിശ നിരക്കിൽ നൽകേണ്ടതുമാണ്. ഇപ്രകാരം 4% നിരക്കിൽ നൽകുന്ന പലിശ തുക കൃഷി വകുപ്പ് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതും അപ്രകാരം പലിശ ലഭിക്കുന്ന മുറയ്ക്ക് പ്രാഥമിക സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കണക്കുകളിൽ വായ്പയുടെ പലിശ വരവ് വയ്ക്കുകയും ചെയ്യുന്നതോടെ കർഷകർക്ക് ലഭിക്കുന്ന വായ്പ പലിശ രഹിത വായ്പയായിരിക്കും.

11 സംഘങ്ങൾ/ബാങ്കുകൾ നെൽകൃഷി പലിശ രഹിത വായ്പയ്ക്ക് ജില്ലാ സഹകരണ ബാങ്കിലേയ്ക്ക് പ്രത്യേകമായി അപേക്ഷ അയയ്ക്കേണ്ടതാണ്. അംഗങ്ങളുടെ ലെഡ്ജറുകളിൽ 4 ശതമാനം പലിശ നിരക്ക് എഴുതിവക്കേണ്ടതും ആയതിൽ 6 മാസം കണക്കനുസരിച്ച് പലിശ കണക്കാക്കി സംഘം വകുപ്പുതല ഓഡിറ്റർ ഒപ്പുവച്ച് ക്ലെയിം സ്റ്റേറ്റ്മെന്റുകൾ നൽകേണ്ടതുമാണ്. ക്ലെയിം സ്റ്റേറ്റ്മെന്റുകൾ അതാത് മാസം 10-ാം തീയതിയ്ക്ക് മുമ്പ് സമർപ്പിച്ചിരിക്കേണ്ടതാണ്.

12. ഈ പദ്ധതിയുടെ നിബന്ധനകളിൽ അത്യാവശ്യമായവ കൂട്ടിച്ചേർക്കുന്നതിന് പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ/ബാങ്കുകൾ/ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

പലിശ രഹിത നെൽകൃഷി വായ്പയ്ക്കുള്ള മാതൃക അപേക്ഷ ഫോറവും, നിബന്ധനകളും ഇതോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്.

ഒപ്പ്
റാണി ജോർജ്ജ് ഐ.എ.എസ്.,
സഹകരണസംഘം രജിസ്ട്രാർ.

പകർപ്പ്

1. മാനേജിംഗ് ഡയറക്ടർ,
   കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം .
2. മാനേജിംഗ് ഡയറക്ടകർ,
   കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
3. ജനറൽ മാനേജർ,
   എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും.
4. ഡയറക്ടർ, കൃഷിവകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
5. ചീഫ് മാനേജർ, നബാർഡ്, തിരുവനന്തപുരം.
6. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്)മാർക്കും.
7. എല്ലാ പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്കും
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്)
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
10. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേണൽ
11. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
12. സ്റ്റോക്ക് ഫയൽ.

ആജ്ഞാനുസരണം

Ahilaja

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി

.......................................................................... സർവ്വീസ് സഹകരണ ബാങ്ക്,

ക്ലിപ്തം നമ്പർ ..........................................,

......................................................

## പലിശ രഹിത നെൽകൃഷി വായ്പയ്ക്കുള്ള അപേക്ഷ ഫാറം

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേരും അംഗനമ്പരും | |
| 2. | മേൽ വിലാസം. | |
| 3. | വായ്പയുടെ ആവശ്യം | |
| 4. | ആവശ്യപ്പെടുന്ന തുക | |
| 5. | കൃഷി സ്ഥലം സംബന്ധിച്ച വിവരം | |
| 6. | അവകാശിയുടെ പേരും മേൽ വിലാസവും – അപേക്ഷകനു മായുള്ള ബന്ധവും | |
| 7. | ജാമ്യക്കാരുടെ പേരും അംഗന മ്പരും മേൽ വിലാസവും. | 1)<br><br>2) |

### പ്രതിജ്ഞ

...................................................... ആയ ഞാൻ മേൽ പറഞ്ഞ പ്രകാരമുള്ള സ്ഥലത്ത് നെൽകൃഷി ചെയ്യുന്നതിലേക്കാണ് വായ്പക്ക് അപേക്ഷിക്കുന്നതെന്ന് ബോധിപ്പി ച്ചുകൊള്ളുന്നു. പലിശരഹിത നെൽകൃഷി വായ്പാ പദ്ധതി പ്രകാരം അനുവദി ക്കുന്ന മേൽ വായ്പസംഖ്യ പദ്ധതി പ്രകാരമുള്ള നിബന്ധനകളും, ബാങ്ക് കാലാ കാലങ്ങളിൽ നിബന്ധനകളിൽ വരുത്തുന്ന മാറ്റങ്ങളും അംഗീകരിക്കുകയും ടി വായ്പ സംഖ്യ കാലവധിയായ ആറു മാസത്തിനകം തിരിച്ചടച്ചുകൊള്ളാവുന്ന തും, പദ്ധതിയിൽ പറഞ്ഞിരിക്കുന്ന നെൽകൃഷിക്ക് വേണ്ടി മാത്രം ടി വായ്പ സംഖ്യ വിനിയോഗിക്കുന്നതാണെന്നും അല്ലാത്ത പക്ഷം ടി വായ്പയ്ക്ക് സംഘം നിശ്ചയിക്കുന്ന സ്വന്തം ഫണ്ട് ഉപയോഗിച്ചു നൽകുന്ന കാർഷികേതര വായ്പ യുടെ ഉയർന്ന പലിശ നിരക്കിൽ എന്നിൽ നിന്ന് ഈടാക്കുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണെന്ന് ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

സ്ഥലം: ഒപ്പ്/-
തീയതി: പേര്.

പലിശ രഹിത നെൽകൃഷി വായ്പ പദ്ധതി പ്രകാരം ശ്രീ ................................ വാങ്ങുന്ന ............................ രൂപയുടെ പലിശ രഹിത നെൽകൃഷി വായ്പയ്ക്ക് ജാമ്യം നിൽക്കുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണെന്നും ടി വായ്പ യഥാസമയം അടച്ചുതീർക്കുന്നതിന് വീഴ്ച വരുത്തുന്ന പക്ഷം ആയതിന്റെ മുഴുവൻ സംഖ്യയും ബാങ്ക് നിശ്ചയിക്കുന്ന പലിശയും തിരിച്ചടയ്ക്കുന്നതിന് ഞങ്ങൾ ഒറ്റയ്ക്കും കൂട്ടായും ബാദ്ധ്യസ്ഥരാണെന്നും ഇതിനാൽ ബോധിപ്പിച്ചിരിക്കുന്നു.

ജാമ്യക്കാരൻ.

| പേര്: | അംഗനമ്പർ: | ഒപ്പ്/- |
|---|---|---|
| 1) | | |
| 2) | | |

## വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്

നമ്പർ:

വില്ലേജ് ഓഫീസ്.
തീയതി:

................................ ജില്ലയിൽ ................................ താലൂക്കിൽ ................................വില്ലേജിൽ താമസം ശ്രീ/ശ്രീമതി ................................ എന്ന വ്യക്തിക്ക് ........................ താലൂക്കിൽ ........................ വില്ലേജിൽ ................................ സർവ്വേ നമ്പറിൽ ..................... ഏക്കർ ........................സെന്റ് സ്ഥലം നെൽകൃഷി ചെയ്യുന്നതിന് സ്വന്തമായി കൈവശമുണ്ടെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

വില്ലേജ് ഓഫീസർ
(ഒപ്പും സീലും)

## അഗ്രികൾച്ചറൽ ഓഫീസറുടെ സർട്ടിഫിക്കറ്റ്

നമ്പർ:

കൃഷി ഭവൻ:
പഞ്ചായത്ത്:

........................ താലൂക്കിൽ ........................ പഞ്ചായത്തിൽ താമസിക്കും ശ്രീ........................ (പേരും മേൽ വിലാസവും)എന്ന വ്യക്തി ടിയാന്റെ/ടിയാൻമാരുടെ കൈവശമുള്ള ........................ ഏക്കർ ........................ സെന്റ് സ്ഥലത്ത് നെൽ കൃഷിയാണ് ചെയ്യുന്നതെന്ന് എനിക്ക് നേരിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നെൽകൃഷിയ്ക്ക് പലിശ രഹിത വായ്പ അനുവദിക്കാവുന്നതാണെന്ന് ഇതിനാൽ ശുപാർശ ചെയ്തുകൊള്ളുന്നു.

സ്ഥലം:
തീയതി:

അഗ്രികൾച്ചറൽ ഓഫീസർ
(ഒപ്പും പേരും സീലും.)

## ഓഫീസ് ഉപയോഗത്തിനു മാത്രം

1. അപേക്ഷകന്റെ മുൻകടങ്ങളെ
   സംബന്ധിച്ച വിവരങ്ങൾ

2. ജാമ്യക്കാരുടെ മുൻകടങ്ങളെ
   സംബന്ധിച്ച വിവരങ്ങൾ

3. സെക്രട്ടറിയുടെ ശുപാർശ

ഏക്കർ ഒന്നിന് .................... രൂപ വച്ച് .................. ഏക്കറിന് ................. തുക അനുവദിക്കാവുന്നതാണെന്ന് ശുപാർശ ചെയ്തുകൊള്ളുന്നു.

സെക്രട്ടറി

ഭരണ സമിതി തീരുമാനം നമ്പർ: തീയതി:

അനുവദിച്ച സംഖ്യ (1) ഒന്നാം വിള ............................ രൂപ
(2)രണ്ടാം വിള ............................ രൂപ

പ്രസിഡന്റ്

ജില്ലാ സഹകരണ ബാങ്ക് ഓഫീസ് ഉപയോഗത്തിന്

എക്സിക്യൂട്ടീവ് ഓഫീസർ/ഇൻസ്പെക്ടർ.